"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ സ്കീം- ഭരണ നിർവഹണം (Administration of Scheme)- കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**സഹകരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.67/2026/Co-Op    തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.103/2005/സഹ;തീയതി 29.04.2005
2. സഹകരണ പെൻഷൻ പദ്ധതികളുടെ പരിഷ്ക്കരണത്തിനും പുനഃക്രമീകരണത്തിനുമായി നിയോഗിച്ച ജസ്റ്റിസ് എം.രാജേന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട്
3. സഹകരണ സംഘം രജിസ്ട്രാറുടെ 07.01.2026 തീയതിയിലെ RCS/9675/2025-EM(5) നമ്പർ കത്ത്
4. ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 05.02.2026 തീയതി ചേർന്ന യോഗത്തിന്റെ അംഗീകരിച്ച നടപടി കുറിപ്പ്

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്/ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി രൂപീകരിച്ച് കൊണ്ടും പ്രസ്തുത പദ്ധതിയുടെ ഭരണ നിർവഹണ ചുമതല, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിക്ഷിപ്തമാക്കി കൊണ്ടും ഉത്തരവായിരുന്നു. സഹകരണ പെൻഷൻ പദ്ധതികളുടെ പരിഷ്ക്കരണത്തിനും പുനഃക്രമീകരണത്തിനുമായി നിയോഗിച്ച ജസ്റ്റിസ് എം.രാജേന്ദ്രൻ നായർ കമ്മിറ്റി റിപ്പോർട്ട്, ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതിന് ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 05.11.2025-ൽ വിളിച്ച് ചേർത്ത യോഗത്തിലെ തീരുമാന പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ പദ്ധതിയുടെ ഭരണ നിർവഹണം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിനെ

ഏൽപ്പിക്കുന്ന കാര്യം പെൻഷൻ ബോർഡുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാറെ ചുമതലപ്പെടുത്തിയിരുന്നു.

2. പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിന്റെയും പരാമർശം (4) പ്രകാരം അംഗീകരിച്ച നടപടി കുറിപ്പിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ അംഗീകരിച്ച് കൊണ്ട് ഉത്തരവാകുന്നു:

i. കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷൻ സ്കീമിന്റെ ഭരണ നിർവ്വഹണം (Administration of Scheme) കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷിപ്തമാക്കുന്നത് തത്വത്തിൽ അംഗീകാരം നൽകുന്നു;

ii. പുതിയ പെൻഷൻ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി നടപടിക്രമങ്ങൾ പാലിച്ച് പൂർണതോതിൽ 3 മാസങ്ങൾക്കകം (2026, മെയ് 15 നു മുൻപ്) ആവശ്യമായ അംഗീകാരം നേടി നടപ്പിലാക്കുന്നതിന് കേരള ബാങ്ക് സി.ഇ.ഒ-യെ ചുമതലപ്പെടുത്തുന്നു.

iii. കേരള സംസ്ഥാന സഹകരണ ബാങ്ക് പദ്ധതിയുമായി ബന്ധപ്പെട്ട് ബാങ്ക് പെൻഷൻ ബോർഡിൽ അടവാക്കിയ തുകയിൽ നിലവിൽ ബാങ്കിന് അർഹമായ തുക തിരികെ നൽകുന്നതിന് ആവശ്യമായ നടപടികൾ പെൻഷൻ ബോർഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വീണ എൻ മാധവൻ ഐ എ എസ്

സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
2. ചെയർമാൻ/സെക്രട്ടറി, കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ്, തിരുവനന്തപുരം
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം
4. വെബ് & ന്യൂ മീഡിയ
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി(എ3/207/2024/സഹ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Jithesh B K

Date: 17-02-2026 13:10:56

പകർപ്പ്:- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ.-ക്ക്

സഹകരണ(ബി) വകുപ്പിന്

1.